നം കെ എസ് എ.പി.റ്റി.എ. പി5-820/17 തീയതി: 22.07.2017

## പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01-10-2016 മുതൽ 22-06-17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-06-2017 മുതൽ 30-06-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ അരുൺ കുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കലാ അജിത് | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. ജയരാജ്. ബി | 01-04-2016മുതൽ 31-03-2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | വാർഷിക പദ്ധതിയിൽ ലഭ്യമായ തുകയും ചെലവും | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | നിർവ്വഹണ ഉദ്യോഗസ്ഥരും, നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരവും | 1-7 |
| 8. | പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ | 1-8 |
| 9. | തനത് വരുമാനം | 1-9 |
| 10. | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | ആഭ്യന്തര നിയന്ത്രണം | 1-12 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. | 2-1 |
| 13 | ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-2 |
| 14 | അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ | 2-3 |

| | | |
|---|---|---|
| | നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നു | |
| 15 | ഡി ആന്റ് ഓ ലൈസൻസ്- പൊതുവായ അപാകതകൾ | 2-4 |
| 16 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല | 2-5 |
| 17 | അങ്കണവാടിക്ക് ഭീഷണിയായി നിൽക്കുന്ന മരം അടിയന്തിരമായി ലേലം ചെയ്യേണ്ടതാണ് | 2-6 |
| 18 | പരസ്യ നികുതി ഈടാക്കിയില്ല – പഞ്ചായത്തിന് വരുമാന നഷ്ടം | 2-7 |
| 19 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല | 2-8 |
| | ഭാഗം 3:ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം പദ്ധതികളുടെ ഫലപ്രാപ്തിയെ ഹനിക്കുന്നു | 3-1 |
| 21 | ലോക ബാങ്ക് സഹായമായി ലഭിക്കുന്ന തുകയിൽ കൂടുതൽ തുകയും റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിച്ചു. | 3-2 |
| 22 | ശുചിത്വ മിഷനിൽനിന്നും ഫണ്ട് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല – അറവുശാല നിർമ്മാണം,പൊതുശ്മശാന നിർമ്മാണം എന്നിവ നടപ്പായില്ല | 3-3 |
| 23 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-4 |
| 24 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 25 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-6 |
| 26 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല | 3-7 |
| 27 | പച്ചക്കറി കൃഷിക്ക് സബ്സിഡി- ഗുണഭോക്തൃ വിഹിതത്തിന് പകരം വികസനഫണ്ട് പിൻവലിച്ചത് ക്രമപ്രകാരമല്ല | 3-8 |
| 28 | പുതിയ വാഹനം വാങ്ങാൻ തുക ഒടുക്കിയിട്ടും നാളിതുവരെ വാഹനം ലഭിച്ചിട്ടില്ല | 3-9 |
| 29 | നിലവിലുള്ള വാഹനം ലേലം ചെയ്തിട്ടില്ല | 3-10 |
| 30 | ശുചിത്വകക്കൂസ് നിർമ്മാണം- രണ്ടാമത്തെ ഗഡു വിതരണം ചെയ്യാൻ അവശേഷിക്കുന്നു | 3-11 |
| 31 | വെള്ളക്കരം അടവ് 10 ലക്ഷം രൂപയിലധികം- ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ് | 3-12 |
| 32 | ഫ്രണ്ട് ഓഫീസ് നവീകരണം- വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല | 3-13 |

| | | |
|---|---|---|
| 33 | ലൈബ്രറി സെസ്സ് അടവാക്കാൻ ബാക്കി നിൽക്കുന്നു | 3-14 |
| 34 | അങ്കണവാടികൾ - അവലോകനം | 3-15 |
| 35 | ആശ്രയപദ്ധതി- പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല | 3-16 |
| 36 | ആശ്രയപദ്ധതി-മതിയായ ഫണ്ട് ലഭ്യമാക്കുന്നില്ല | 3-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബഡ്ജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച തീയതി | പഞ്ചായത്ത് കമ്മിറ്റി ബഡ്ജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി |
|---|---|---|---|
| 2016-17 | 26.02.2016 | 02.03.2017 | 03.03.2017 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1683870 | 7096482 | 5412612 |
| വരവ് | 55676000 | 41564919 | -14111081 |
| ആകെ | 71759870 | 48661401 | -23098469 |
| ചെലവ് | 54604000 | 36630920 | -17973080 |
| നീക്കിയിരിപ്പ് | 17155870 | 12030481 | -5125389 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രിക ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15-05-2017 | 09-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി 4 -ൽ ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ്- അദർ സെൻട്രൽ ഗവ. ഗ്രാൻറ്സ് എന്ന ഹെഡ്ഡിൽ 456065 രൂപ ബാക്കി നിൽക്കുന്നുണ്ട്. സാംഖ്യ ആരംഭിച്ച സമയത്ത് ഐ.സി.ഡി.എസ്. വിഹിതം ഇനത്തിൽ ഫണ്ടിലുണ്ടായിരുന്ന തുകയാണിത്. ഇത് സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

2. ഷെഡ്യൂൾ ബി 15- ൽ റിസീവബിൾസ് ഫോർ പ്രൊഫഷൻ ടാക്സ് എന്ന ഹെഡ്ഡിലുള്ള 48860 രൂപ സാംഖ്യ ആരംഭിച്ച സമയത്ത് ഡിമാൻഡ് ആയി ചേർത്ത തുകയാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കായില്ല.

3. ഷെഡ്യൂൾ ബി 15 ൽ റിസീവബിൾസ് ഫോർ ലൈസൻസ് ഫീസ് ഫോർ ഡി&ഒ ട്രെയ്ഡ്സ് (അരിയർ) എന്ന ഹെഡ്ഡിൽ ബാക്കി നിൽക്കുന്ന 19340 രൂപ സാംഖ്യ ആരംഭിച്ച സമയത്ത് ചേർത്ത തുകയാണ്. തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 7096482 |
| വരവ് | 41564919 |
| ആകെ | 48661401 |
| ചെലവ് | 36630920 |
| നീക്കിബാക്കി | 12030481 |

## 1-5 2016-17 വർഷിക പദ്ധതിയിൽ ലഭ്യമായ തുകയും ചെലവും

| ഫണ്ടിനം | ബജറ്റ് അലോക്കേഷൻ | 2016-17-ൽ ലഭിച്ച തുക | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7096000 | 8812178 | 6399675 | 72.62 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4369000 | 4941758 | 2928100 | 59.25 |
| ലോക ബാങ്ക് സഹായം | 2597583 | 2597583 | 1971639 | 75.9 |
| വികസന ഫണ്ട് (എസ്.സി.പി) | 6928000 | 6928000 | 4611784 | 66.57 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8417000 | 8417472 | 5695957 | 67.67 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2555000 | 2554755 | 2232741 | 87.4 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 223 | 65 | 66 | 92 | 58.74 |

## 1-7 നിർവ്വഹണ ഉദ്യോഗസ്ഥരും, നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരവും

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 11 | 1456144 | 356226 | 24.46 |
| വെറ്ററനറി സർജൻ | 8 | 8 | 3768000 | 904900 | 24.02 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 4 | 3 | 1379755 | 1295425 | 93.89 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 375000 | 375000 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1 | 140000 | 137250 | 98.04 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 11 | 9 | 8527878 | 2807078 | 32.92 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 2676500 | 2448504 | 91.48 |
| സെക്രട്ടറി | 20 | 10 | 4094391 | 1577731 | 38.53 |
| ഹെഡ് മാസ്റ്റർ | 6 | 4 | 904755 | 757322 | 83.7 |
| അസി.എഞ്ചിനീയർ | 134 | 60 | 33528456 | 11636056 | 34.71 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 219000 | 219000 | 100 |
| അസി.സെക്രട്ടറി | 14 | 13 | 4545352 | 2377800 | 52.31 |
| ആകെ | 223 | 131 | | | |

## 1-8 പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുകയുമാണ് ചെയ്തിരിക്കുന്നത്.
2. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കി.
3. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
4. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
5. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ

5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

6. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശാനുസരണം തുക വകയിരുത്തുന്നതല്ലാതെ തുക ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

## 1-9 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3171096 | 5862770 | 2691674 | 84.88 |
| നികുതിയേതര വരവുകൾ | 633779 | 902181 | 268402 | 42.35 |

മുൻവർഷങ്ങളെ അപേക്ഷിച്ച് തൻവർഷം തനത് വരുമാനങ്ങളിലുണ്ടായ വർദ്ധനവ് ശ്ലാഘനീയമാണ്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.06.2017, 3.00 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7556/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.02.2017 മുതൽ 28.02.2017 വരെ | 12/2016 മുതൽ 01/2017 വരെ | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2010 മുതൽ 16.03.2010 വരെ | 1997-98 മുതൽ 2003-04 വരെ | 15.06.2010 | ഇല്ല |

## 1-12 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. കൃത്യമായി പാലിക്കുന്നില്ല. സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും അവ യഥാസമയം പരിശോധനയ്ക്ക് നൽകുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ എം.ഒ.പി. പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് രജിസ്റ്ററുകൾ, രേഖകൾ എല്ലാം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല.

പഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് (കുടിശ്ശിക ഉൾപ്പെടെ) | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| 2016-17 | 7856496 | 5264771 | 2591725 | 67% |

വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. 2015-16 വർഷം 36% പിരിവാണുണ്ടായിരുന്നത്. 2016-17 വർഷം വസ്തു നികുതി പിരിവ് 67% ആയി വർദ്ധിച്ചിട്ടുണ്ടെങ്കിലും പിരിവ് കാര്യക്ഷമമല്ല. 2016-17വർഷാന്ത്യത്തിലെ കുടിശ്ശിക 2591725 രൂപയാണ്. സഞ്ചയാ സോഫ്റ്റ് വെയർ പ്രകാരമുള്ള പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ.തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഇതനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് അയച്ചുവെങ്കിലും ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല. പുനർനിർണ്ണയിച്ച വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|
| VI//85A | ബി.എസ്.എൻ.എൽ | 5952 |
| VIII/55B | ബി.എസ്.എൻ.എൽ | 3380 |
| ആകെ | | 9332 |

നിയമാനുസൃത നടപടികളിലൂടെ കുടിശ്ശിക ഉൾപ്പടെയുള്ള വസ്തു നികുതി ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നു

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഷാലോം പബ്ളിക്ക് സ്കൂൾ മാത്തൂർ, പത്തനംതിട്ട പബ്ളിക്ക് സ്കൂൾ ഊന്നുകൽ, എസ്. എൻ. പബ്ളിക്ക് സ്കൂൾ ചെന്നീർക്കര എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങൾ സി.ബി.എസ്.ഇ-യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. മിക്ക അധ്യാപകരുടേയും തൊഴിൽ നികുതി 180 രൂപയാണ്. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതു മൂലമാണ് പഞ്ചായത്തിനും നികുതി നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്.

നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ./ഐ.സി.എസ്.സി. സ്കൂളുകളിലെ അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ.-യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 2-4 ഡി. ആന്റ് ഓ. ലൈസൻസ് - പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17സാമ്പത്തിക വർഷം ഡി. ആന്റ് ഓ. ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 647കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 228വ്യാപാര സ്ഥാപനങ്ങളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ 2016-17സാമ്പത്തിക വർഷം 202 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ നിന്ന് ഡി. ആന്റ് ഓ. ലൈസൻസ് എടുത്തിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളും പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യാപാര വ്യവസായ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ദിവസേന വൻ തുക വിറ്റുവരവുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് കാരണം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപന ഉടമയുടെ പേരും അഡ്രസ്സും | വാർഡ് നം /കെട്ടിട നമ്പർ | വ്യാപാര ഇനം | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | അലക്സ് കുട്ടി എം പി, കാവിള പുത്തൻ വീട് അടൂർ | XIV/21A | സോമിൽ | 1000 |
| 2 | ജൂലി ബിജു കിഴക്കേ മുളക്കൽ പുതുമല പി ഒ, ചിരണിക്കൽ | IX/542,87,85 | സോമിൽ | 1000 |

| | | | | |
|---|---|---|---|---|
| 3 | സി എൻ വിശ്വനാഥൻ, വലിയകാലയിൽ, മുട്ടത്തുകോണം | 1/1 | സോമിൽ | 500 |
| 4 | സുജാതാ സന്തോഷ് , വലിയ തറയിൽ വീട്, ചെന്നീർക്കര | V/67 | ഹോളോബ്രിക്സ് | 300 |
| 5 | പി എൻ സുരേഷ്, സുരഭി, ഉമ്പമൺ നോർത്ത് | I/6A | ഹോളോബ്രിക്സ് | 500 |
| 6 | ബിബിൻ സജി,ചാമക്കാലായിൽ കിഴക്കേതിൽ, ചെന്നീർക്കര | V/12 | ഹോളോബ്രിക്സ് | 200 |

ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ആധാരമായി അപേക്ഷകർ അപേക്ഷയിൽ പ്രസ്താവിക്കുന്ന വിവരങ്ങളായ ദൈനംദിന വിറ്റുവരവ്, മോട്ടോർ കപ്പാസിറ്റി തുടങ്ങിയവയിൽ, ആവശ്യമെന്ന് തോന്നുന്ന കേസുകളിൽ നിർവ്വഹണാധികാരി നേരിട്ട് പരിശോധന നടത്തിയും ഔദ്യോഗിക രേഖകളോ പകർപ്പുകളോ പരിശോധിച്ചും ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 202 വ്യാപരികളിൽ 36 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 16 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവ ഒന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ഡി. & ഒ. ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-6 അങ്കണവാടിക്ക് ഭീഷണിയായി നിൽക്കുന്ന മരം അടിയന്തിരമായി ലേലം ചെയ്യേണ്ടതാണ്

പഞ്ചായത്തിലെ 14-ാം വാർഡിൽ പ്രവർത്തിക്കുന്ന 49-ാം നമ്പർ അങ്കണവാടിക്ക് ഭീഷണിയായി, അങ്കനവാടി മുറ്റത്ത് വലിയൊരു മഹാഗണി മരം നിൽക്കുന്നതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ടി മരത്തിന്റെ വേരിറങ്ങി അങ്കണവാടിക്കെട്ടിടത്തിന്റെ ഭിത്തിക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. അങ്കണവാടിയിൽ 3 മുതൽ 5 വയസ്സു വരെ പ്രായമായ

30ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. കുട്ടികളുടെ ജീവന ഭീഷണിയായി നിൽക്കുന്ന മഹാഗണി മരം മുറിച്ച് തടിയും വിറകും ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനായി 22-09-2016ൽ അസി. ഫോറസ്റ്റ് കൺസർവേറ്റർ വൃക്ഷത്തിന് അടിസ്ഥാന വിലയായി 45340/- രൂപ നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം 05-12-2016 -ൽ ലേലവും 16-01-17 ൽ പുനർലേലവും നിശ്ചയിച്ചിരുന്നെങ്കിലും ലേലത്തിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല. 27-03-2017 ൽ വീണ്ടും മരം മുറിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിലും നാളിതുവരെ ആരും തന്നെ ക്വട്ടേഷൻ സമർപ്പിച്ചിട്ടില്ല. മരത്തിന്റെ ഉയർന്ന വില കാരണമാണ് ആരും തന്നെ മരം വാങ്ങുന്നതിന് മുന്നോട്ടുവരാതിരിക്കുന്നതെന്ന് ഫയലിൽ നിന്നു വ്യക്തമായിട്ടുണ്ട്. അങ്കണവാടിക്ക് ഭീഷണിയായി നിൽക്കുന്ന മഹാഗണി മരം അടിയന്തിരമായി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 പരസ്യ നികുതി ഈടാക്കിയില്ല – പഞ്ചായത്തിന് വരുമാന നഷ്ടം

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിന്മേൽ, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന പരസ്യനികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പരസ്യനികുതി പിരിവിനായി മാതൃകാ ബൈലാ പുറപ്പെടുവിച്ചിട്ടുണ്ട്.

തനത് വരുമാനം താരതമ്യേന കുറവുള്ള പഞ്ചായത്തിൽ, ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടുള്ള ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015 /ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത നല്ലക്കാലാപ്പടി മുറിപ്പാറപ്പാലം തയ്യിൽ പടി ഞവരക്കൽപടി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ അടങ്കൽ തുക 767148 രൂപയാണ്. ടെണ്ടറിൽ ആകെ രണ്ട് പേരാണ് പങ്കെടുത്തത്. രണ്ട് പേരിൽ നിന്നുമായി ടെണ്ടർഫീസ് ഇനത്തിൽ ഈടാക്കിയ (1534x2)3068 രൂപയും വാറ്റ് ഇനത്തിലുള്ള 153 രൂപയും ഉൾപ്പെടെ ആകെ 3221രൂപ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ഒടുക്കിയിട്ടുണ്ട്. ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. തുക തിരികെ വാങ്ങി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം പദ്ധതികളുടെ ഫലപ്രാപ്തിയെ ഹനിക്കുന്നു

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം

വയ്ക്കുന്ന തെറ്റായ പ്രവണത ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്ന് 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികളാണ് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഓഡിറ്റ് വർഷം സ്പിൽ ഓവർ ഉൾപ്പടെ 223 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. ഇവയിൽ 131 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പശ്ചാത്തല മേഖലയിലാണ് വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം കൂടുതലായി നടന്നിട്ടുള്ളത്. 53 എണ്ണം സ്പിൽ ഓവർ ഉൾപ്പെടെ 134 പദ്ധതികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കേണ്ടിയിരുന്നത്. മേൽ പറഞ്ഞവയിൽ ആകെ 60 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയിരിക്കുന്നത്. ആകെയുള്ള 134 പദ്ധതികളിൽ 37എണ്ണം കോൺക്രീറ്റിംഗ് ആണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഡിന് 120000എന്ന രീതിയിലും പെർഫോമൻസ് ഗ്രാന്റ് വാർഡിന് 155700എന്ന രീതിയിലുമാണ് വിഭജിച്ചിരിക്കുന്നത്. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയേയും, ഫലപ്രാപ്തിയേയും ഇല്ലാതാക്കുന്നു.

പദ്ധതി തയ്യാറാക്കുമ്പോൾ, പദ്ധതി പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷമ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവണ്മെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം പരാമവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-2 ലോക ബാങ്ക് സഹായമായി ലഭിക്കുന്ന തുകയിൽ കൂടുതൽ തുകയും റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നു

ഓഡിറ്റ് വർഷം ലഭിച്ച കെ.എൽ.എസ്.ജി.ഡി.പി ഫണ്ടിന്റെ വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിന്റെ വിവരം | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 17 | 2597583 | 14 | 1971639 | 75.90% |

ഓഡിറ്റ് വർഷം കെ.എൽ.എസ്.ജി.ഡി.പി പദ്ധതിയിൻ കീഴിൽ പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക ഉപയോഗിച്ച് 17 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ രണ്ടെണ്ണം ഒഴികെ മറ്റെല്ലാം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു. ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളുള്ളതിൽ 9 വാർഡിലേക്കും 155700 രൂപ തുല്യമായി വീതം വച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വേൾഡ് ബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധിയാണ് കേരള ലോക്കൽ ഗവ:സർവ്വീസ് ഡലിവറി പ്രോജക്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുക, സാമ്പത്തികവും വികസനപരവുമായ പ്രവർത്തനം മെച്ചപ്പെടുത്തുക, പരിശീലന പരിപാടികൾ കുറ്റമറ്റതാക്കുക, സ്ഥിതിവിവര കണക്കുകൾ പൂർണ്ണമാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യുക, ജനങ്ങൾക്ക് നല്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയായിരുന്നു പ്രോജക്ടിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 16.11.11-ലെ ജി.ഒ.(ആർ.ടി) 2668/11/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച അധിക മാർഗ്ഗരേഖയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിങ്ങനെയുള്ള സേവന പ്രദാനം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ ലോകബാങ്ക് വിഹിതം വിനിയോഗിച്ചുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ ഗ്രാമപഞ്ചായത്ത് കെ.എൽ.എസ്.ജി.ഡി.പി-യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊള്ളാതെ ലഭ്യമാകുന്ന ഫണ്ട് മുഴുവനും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വിനിയോഗിക്കുകയാണ് ചെയ്തു പോരുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെയോ, അങ്കണവാടികൾ, ആശുപത്രികൾ തുടങ്ങി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയോ അടിസ്ഥാന സൗകര്യ വികസനത്തിനായി യാതൊന്നും ചെയ്യാതെ കിട്ടിയ ഫണ്ട് മുഴുവൻ റോഡ് പണിക്ക് നീക്കിവച്ചത് ഗ്രാമപഞ്ചായത്ത്

അധികൃതരുടെ ഭാഗത്തുനിന്നുള്ള ഭാവനാശൂന്യമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 ശുചിത്വ മിഷനിൽനിന്നും ഫണ്ട് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല - അറവുശാല നിർമ്മാണം, പൊതുശ്മശാന നിർമ്മാണം എന്നിവ നടപ്പായില്ല

അറവുശാല നിർമ്മാണം, പൊതുശ്മശാന നിർമ്മാണം എന്നിവയ്ക്കായി 2014-15, 2015-16, 2016-17 വർഷങ്ങളിൽ താഴെ പറയും പ്രകാരം തുക വകയിരുത്തുന്നുണ്ടെങ്കിലും ഇതേ വരെയും പദ്ധതികൾ നടപ്പിലായില്ല.

| പദ്ധതിയുടെ വിവരം | വകയിരുത്തിയ തുക | |
|---|---|---|
| | വികസന ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| അറവുശാല നിർമ്മാണം | 1000 | 1990000 |
| പൊതുശ്മശാന നിർമ്മാണം | 1000 | 990000 |

ലഭ്യമല്ലാത്ത ഫണ്ട് വകയിരുത്തി പദ്ധതികൾ തയ്യാറാക്കുന്നതല്ലാതെ ഫണ്ട് കണ്ടെത്തുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ലഭ്യമല്ലാത്ത ഫണ്ട് വകയിരുത്തുന്നത് വാർഷിക പദ്ധതി അടങ്കൽ പെരുപ്പിച്ചു കാണിക്കുന്നതിനു മാത്രമേ ഉതകുന്നുള്ളൂ.

## 3-4 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

2016-17 വർഷം പി.എച്ച്.സി ക്ക് മരുന്നു വാങ്ങുന്നതിനായി പ്രോജക്ട് നം S00191/17ആയി 450000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതാണ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് പി.എച്ച്.സി.യ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം തുക ഒടുക്കു വരുത്തിയിട്ടുള്ളതാണ്.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ഡിഡി നം/അക്കൗണ്ട് നം/തീയതി |
|---|---|---|---|
| പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ, S00191/16 | 100000 | 100000 | ഡി. ഡി നം 269846 /19-11-2016 |
| | 100000 | 100000 | അക്കൗണ്ട്.നം 67298813123/ 25-01-2017 എസ് ബി റ്റി, അടൂർ ശാഖ |
| | 250000 | 249755 | അക്കൗണ്ട് നം 3624008800000019/18-03-2017, പഞ്ചാബ് നാഷണൽ ബാങ്ക്, മെഡിക്കൽ കോളേജ് തിരുവനന്തപുരം ശാഖ |
| ആകെ | 450000 | 449755 | |

449755 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിരുന്നെങ്കിലും നാളിതുവരെ 100000 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവതരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-5 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

കേരളത്തിലെ പ്രാഥമിക പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ അടിസ്ഥാന നയം വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണമാണ്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി

വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കി വരുന്നത്. മരുന്ന്, നേഴ്സിംഗ് പരിചരണം മുതലായവ ലഭ്യമാക്കുന്നതിനോടൊപ്പം അവർക്ക് സാന്ത്വനപരിചരണം കൂടി നൽകി അവരെ മാനസികമായി ശക്തിപ്പെടുത്തുക എന്നത് കൂടി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 228/12/ത.സ്വ.ഭ.വ.തീയതി.23.08.2012, ജി.ഒ.(ആർ.ടി)-3217/15/ത.സ്വ.ഭ.വ.തീയതി 29.10.15 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിൽ 315 പേർക്ക് പരിചരണം നൽകിവരുന്നു. ഇതിൽ 100 പേർക്ക് ഹോം കെയർ പരിചരണത്തിനായി ഒരു ടീം നിലവിലുണ്ട്. ഇവർ മാസം 16 എണ്ണം വീതം ഹോംകെയർ നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിലും മോണിറ്ററിംഗിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. *മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു*

2016-17 വർഷം പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി മരുന്നുകൾ വാങ്ങുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തൈക്കാട്,തിരുവനന്തപുരം പേരിൽ 22-12-2016 തീയതി 477247 നംബർ ഡിഡി പ്രകാരം 290000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 189535 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. പണം നൽകി ആറു മാസമായിട്ടും 100465 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

*(2) പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാ മാസവും കൂടുന്നില്ല*

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും, സുഗമമായും മുന്നോട്ട് കൊണ്ടു പോകുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സണായും നിർവ്വഹണോദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറുമായി ആരോഗ്യം, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി, ആയുർവ്വേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയെറ്റീവ് കെയർ നേഴ്സ്, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവർ ഉൾപ്പെടെ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കമ്മിറ്റി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരമൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേരുന്നില്ല. മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 3-6 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## 3-7 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011-ലെ 31055/DC2 /2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടി നം

37,40,42,43 എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്. അങ്കണവാടി നമ്പർ 47,48,49 എന്നിവയുടെ മേൽക്കൂരക്ക് ബലക്ഷയം സംഭവിച്ചതാണ്. അങ്കണവാടി നമ്പർ 47 -ന് ചോർച്ചയുണ്ട്. മേൽ അങ്കണവാടികൾ ഫിറ്റ്നെസ്സ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നിരിക്കെ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പച്ചക്കറി കൃഷിക്ക് സബ്സിഡി- ഗുണഭോക്തൃ വിഹിതത്തിന് പകരം വികസനഫണ്ട് ചെലവഴിച്ചു.

കൃഷി ഓഫീസർ നടപ്പാക്കിയ പച്ചക്കറി കൃഷി മുറ്റത്തും ടെറസ്സിലും SO029/17എന്ന പദ്ധതിക്ക് ഒരു യൂണിറ്റിന് 505 രൂപ നിരക്കിൽ 27 യൂണിറ്റിന് 13635 രൂപ ഗുണഭോക്തൃ വിഹിതം കൃഷി ഓഫീസർ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നുമാണ് പിൻവലിച്ചിട്ടുള്ളത് (ട്രഷറി ബിൽ നം 167/16-17 തീയതി 21.03.17 – 23311രൂപ, 167/16-17 തീയതി 28.03.17- 1804 രൂപ). ഗുണഭോക്തൃ വിഹിതത്തിന് പകരം വികസനഫണ്ട് പിൻവലിച്ച നടപടി ക്രമപ്രകാരമല്ല. ഗുണഭോക്തൃവിഹിതം 13635 രൂപ ഓഡിറ്റ് തീയതിയിലും തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ടി തുക പിൻവലിച്ച് സർക്കാർഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-9 പുതിയ ഓഫീസ് വാഹനം വാങ്ങാൻ തുക ഒടുക്കിയിട്ടും നാളിതുവരെ വാഹനം ലഭിച്ചിട്ടില്ല

2016-17 വർഷം പുതിയ വാഹനം വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും 700000 രൂപയും (ട്രഷറി ബിൽ നം-30/25.03.2017) തനത് ഫണ്ടിൽ നിന്നും 41759 രൂപയും (വൗച്ചർ നം 21600938/25-03-2017) പിൻവലിച്ച് മഹീന്ദ്ര & മഹീന്ദ്ര കമ്പനിക്ക് കൈമാറിയിട്ടുണ്ട്. നാളിതുവരെയും വാഹനം പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/29.06.2017) ലഭിച്ച മറുപടി പ്രകാരം തനത് ഫണ്ട് തുക ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത സമയം ട്രഷറിയിലെ കമ്പ്യൂട്ടർ സംവിധാനത്തിൽ ഉണ്ടായ സാങ്കേതികക്കുഴപ്പം മൂലം മഹീന്ദ്ര കമ്പനിയുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാൻ കഴിയാത്തതിനാലാണ് ഇത് സംഭവിച്ചിട്ടുള്ളത് എന്നാണ്. 41759 രൂപ 25-03-2017 ന് മഹീന്ദ്ര & മഹീന്ദ്ര കമ്പനിക്ക് കൈമാറിയെങ്കിലും ഈ ഇടപാടിന്റെ യു.റ്റി.ആർ നമ്പർ യഥാസമയം ലഭിച്ചിരുന്നില്ല. ട്രഷറി വകുപ്പിൽ നിന്നും യു.റ്റി.ആർ നമ്പർ ലഭിച്ചത് 27.06.2017ൽ ആണ്. 29.06.2017 ൽ മഹീന്ദ്ര & മഹീന്ദ്ര കമ്പനിയിൽ നിന്നും 741759 രൂപയുടെ കൈപ്പറ്റ് ലഭിച്ചിട്ടുള്ളതാണ്. 30.07.2017 -ന് മുമ്പ് വാഹനം ലഭ്യമാക്കാമെന്ന് കമ്പനിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. വാഹനം ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-10 നിലവിലുള്ള വാഹനം ലേലം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിൻ നിലവിലുള്ള കെ.എൽ. 03-K-6089 നമ്പർ 2004 മോഡൽ ടാറ്റാ സ്പേഷ്യോ വാഹനം നിയമാനുസൃത നടപടി സ്വീകരിച്ച് ലേലം ചെയ്യാൻ 23.03.2017 ലെ ജി 1-8492/17 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ടി വാഹനത്തിന് 85000 രൂപ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. ആയത് പ്രകാരം 17.04.2017 ൽ നടത്തിയ പരസ്യലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല. 19.05.2017 ൽ നടത്തിയ പുനർലേലത്തിൽ 4 പേർ പങ്കെടുത്തിരുന്നെങ്കിലും 85000 രൂപയിൽ കൂടുതലോ ടി തുകയോ ലേലം വിളിക്കാൻ ആരും തയ്യാറായിരുന്നില്ല. 30.05.2017 ലെ സി 5-4009/2015 നമ്പർ നോട്ടീസ് പ്രകാരം ക്ഷണിച്ച ക്വട്ടേഷന് ഒരാൾ മാത്രമാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. ആയത് പ്രകാരം 69100 രൂപയാണ് ലഭിച്ച ക്വട്ടേഷൻ. വാഹനത്തിന്റെ മൂല്യം കുറച്ച് നൽകുന്നതിനായി 23.06.2017 ൽ സി-5-4009/2015 നമ്പർ കത്ത് പ്രകാരം പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷന് കത്ത് നൽകിയിട്ടുണ്ട്. വാഹനം കൈയൊഴിയാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-11 ശുചിത്വകക്കൂസ് നിർമ്മാണം- രണ്ടാമത്തെ ഗഡു വിതരണം ചെയ്യാൻ അവശേഷിക്കുന്നു

ശുചിത്വ കക്കൂസ് (SO106/17 )എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 603400 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1512000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെയുള്ള 139 ഗുണഭോക്താക്കളിൽ 3 പേർ ആദ്യ ഗഡു 7000 രൂപ വീതം കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ വിവരം |
|---|---|
| 1 | സരസമ്മ, അതുമ്പുകൂട്ടം, വാർഡ് 4 |
| 2 | സുരേഷ് കെ.ജി, പാറയിരിക്കുന്നതിൽ, വാർഡ് 4 |
| 3 | രാജൻ എം.റ്റി, തൊഴിക്കാട്ട് കിഴക്കേക്കര, വാർഡ് 14 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-7/16-17 തീയതി 28-06-17) നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ. നൽകിയ മറുപടി പ്രകാരം ടിയാളുകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി തുക അനുവദിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സമ്പൂർണ്ണ ഒ.ഡി.എഫ് പ്രഖ്യാപനം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വെള്ളക്കരം അടവ് 10 ലക്ഷം രൂപയിലധികം- ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്

നിലവിൽ 228 പൊതുടാപ്പുകൾക്കായി പ്രതിമാസം 99750 രൂപ വീതം വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. ആയത് പ്രകാരം ഈയിനത്തിൽ പ്രതിവർഷം 11.97 ലക്ഷം രൂപ ചെലവാകുന്നുണ്ട്. തൻവർഷം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാൻ 14 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പൊതുടാപ്പുകൾ നിർത്തലാക്കി ഗാർഹിക കണക്ഷൻ നൽകാനുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം സബ്സിഡി നൽകി ഗാർഹിക കണക്ഷൻ നൽകാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പൊതുടാപ്പുകൾ കഴിയുന്നിടത്തോളം നിർത്തലാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-13 ഫ്രണ്ട് ഓഫീസ് നവീകരണം- വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഫ്രണ്ട് ഓഫീസിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. നിലവിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്ന ഹാളിൽ കറണ്ട് പോയാൽ പകരം വെളിച്ചത്തിനായി മറ്റ് സംവിധാനം ഇല്ല. ഹാളിൽ പൂർണ്ണമായി ഇരുട്ടാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത് ജീവനക്കാർക്കും സേവനത്തിനായി എത്തുന്ന പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. കൂടാതെ പണം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കായി സുരക്ഷിതത്വമുള്ള ക്യാബിനുകൾ ഇല്ല. പൊതുജനങ്ങൾക്ക് വിശ്രമിക്കുന്നതിനായി മതിയായ എണ്ണം കസേരകൾ ഇല്ല. പൊതുജനങ്ങൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. നിലവിലെ ഹാളിന്റെ മുൻവശം അറ്റകുറ്റ പണികൾ നടത്തി ആധുനികരീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള സ്ഥലസൗകര്യം നിലവിലുണ്ട്. ആവശ്യമായ ഫണ്ട് വകയിരുത്തി ഫ്രണ്ട് ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ലൈബ്രറി സെസ്സ് അടവാക്കാൻ ബാക്കി നിൽക്കുന്നു

ഷെഡ്യൂൾ ബി-9 ൽ ലൈബ്രറി സെസ്സ് ഇനത്തിൽ 155106 രൂപ ഒടുക്കുവാൻ ബാക്കി നിൽക്കുന്നു. 2016-17 വർഷത്തെ രണ്ടാം അർദ്ധവർഷം ഈടാക്കിയ തുകയാണിത്. ലൈബ്രറി കൗൺസിലിൽ അടക്കേണ്ട തുക യഥാസമയം അടക്കാൻ വീഴ്ച വരുന്നത് മൂലം ലൈബ്രറി കൗൺസിൽ പിഴ ഈടാക്കുകയാണെങ്കിൽ ആയത് സെക്രട്ടറിയുടെ ബാധ്യതയായിത്തീരാൻ ഇടയുണ്ട്. ടി തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 അങ്കണവാടികൾ - അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 21 അങ്കണവാടികളാണുള്ളത്. ഇതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ 9 എണ്ണം മാത്രമാണ്. 11 എണ്ണം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരു കെട്ടിടം വാടകരഹിതവും ആണ്. സ്വന്തം കെട്ടിടമുള്ളതിൽ അഞ്ചെണ്ണത്തിന് മാത്രമേ ചുറ്റുമതിലുള്ളൂ. വൈദ്യുതി ലഭിക്കാത്ത 2 അങ്കണവാടികളുണ്ട്. സ്വന്തം കെട്ടിടമുള്ളതിൽ 1 അങ്കണവാടിയിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല. അങ്കണവാടി നം 37,42,43,47,48,114 എന്നിവക്ക് ശുദ്ധജലത്തിനായി സ്വന്തമായി കിണറോ പൈപ്പ്ലൈനോ ഇല്ല. എല്ലാ അംഗൻവാടികളിലും ടോയിലറ്റ് സൌകര്യമുണ്ടെങ്കിലും അഞ്ച് അങ്കണവാടികളിൽ മാത്രമേ ബേബി ഫ്രണ്ട്ലി ടോയിലറ്റ് ഉള്ളൂ. അങ്കണവാടി നം 37,40,42,43 എന്നിവക്ക് അറ്റകുറ്റപ്പണികൾ

ആവശ്യമുണ്ട്. അങ്കണവാടി നം 47,48,49 എന്നിവയുടെ മേൽക്കൂരക്ക് ബലക്ഷയം സംഭവിച്ചതാണ്. അങ്കണവാടി നം 47 ന് ചോർച്ചയുണ്ട്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് ശ്രമങ്ങൾ നടത്തുന്നില്ല. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭാ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ അധികാരവികേന്ദ്രീകരണം നടപ്പാക്കി ഒന്നര ദശാബ്ദം പിന്നിട്ടിട്ടും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളത് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോടുള്ള അവഗണന വ്യക്തമാക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## 3-16 (എ) ആശ്രയപദ്ധതി- പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപ്പഞ്ചായത്തിൽ രണ്ട് ആശ്രയ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്. ഒന്നാം ഘട്ട പദ്ധതി 2007-ലാണ് ആരംഭിച്ചത്. ഈ പദ്ധതി 2010-11 വർഷം പുതുക്കിയിട്ടുണ്ട്. 2014-17 കാലയളവിൽ നടപ്പിലാക്കുന്നതിനായി ഉദ്ദേശിച്ച് ആവിഷ്കരിച്ച രണ്ടാം ഘട്ട ആശ്രയ പദ്ധതിയുടെ ഭാഗമായി 126 ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്കാവശ്യമായ പരിചരണ സേവന പാക്കേജ് നടപ്പിലാക്കുന്നതിനായി 1.11 കോടി രൂപയുടെ ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ആവശ്യമുള്ളത് (പദ്ധതി ആരംഭിച്ചപ്പോൾ) | ലഭ്യമാക്കിയത് |
|---|---|---|---|
| 1 | വീട് | 37 | ഇല്ല |
| 2 | വീട് മെയ്ന്റനൻസ് | 37 | ഇല്ല |
| 3 | ഭക്ഷണം | 126 | 126 |
| 4 | കുടിവെള്ളം | 10 | ഇല്ല |
| 5 | കക്കൂസ് | 11 | ഇല്ല |
| 6 | വിദ്യാഭ്യാസം | 15 | ഇല്ല |
| 7 | വസ്ത്ര വാങ്ങൽ | 1 | 1 |
| 8 | തൊഴിൽ പരിശീലനം | 1 | 1 |

ഒന്നാം ഘട്ട പദ്ധതിക്ക വേണ്ടി വകയിരുത്തിയ തുകയിൽ പ്ലാൻ ഫണ്ടും ചലഞ്ച് ഫണ്ടും ഉൾപ്പെടെ 31-03-2017ൽ 793218 രൂപ അവശേഷിക്കുന്നു. ആശ്രയ ഫണ്ടിൽ 793218 രൂപ ബാക്കി നിൽക്കേ ഇനിയും ഭവനനിർമ്മാണ/ഭവന പുനരുദ്ധാരണത്തിനായി സഹായം ലഭിക്കാത്തവരുണ്ട്.

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം മുൻഗണനാടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളു. ഇനിയും വാസയോഗ്യമായ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കൾ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ ഇതു പരിഗണിക്കാതെ പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും നിരവധി പേർക്ക് ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പദ്ധതികൾക്ക് ആശ്രയ ഗുണഭോക്താക്കളെ വേണ്ടരീതിയിൽ പരിഗണിക്കാത്തത് ശരിയായ നടപടിയല്ല.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി

പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. 2016-17 വർഷം 5 പ്രാവശ്യം സമിതി യോഗം ചേർന്നിട്ടുണ്ട്. സമിതി കൃത്യമായി യോഗം ചേരുകയും പദ്ധതി പ്രവർത്തനം വിലയിരുത്തുകയും മതിയായ ഫണ്ട് ലഭ്യമാക്കി ആശ്രയ ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

(ബി) <u>ആശ്രയപദ്ധതി-മതിയായ ഫണ്ട് ലഭ്യമാക്കുന്നില്ല</u>

2014-17 കാലയളവിൽ രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്കായി ലഭ്യമാക്കിയ ഫണ്ട് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്രോതസ്സ് | 2014-15 | 2015-16 | 2016-17 | ആകെ |
|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | ഇല്ല | 50000 | 200000 | 250000 |
| 2 | ചലഞ്ച് ഫണ്ട് | 50000 | ഇല്ല | 46209 | 96209 |
| | ആകെ | 50000 | 50000 | 246209 | 346209 |

ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസ സഹായം, വസ്ത്ര വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം, തൊഴിൽ പരിശീലനം, പുനരധിവാസം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും പദ്ധതിയുടെ അവസാന വർഷമായ 2016-17- ലും ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നും തന്നെ ഗുണഭോക്താക്കൾക്ക് പ്രദാനം ചെയ്യുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള സി.ഡി.എസിന് കഴിഞ്ഞിട്ടില്ല. ഒരു കോടിയിൽപരം രൂപയുടെ കർമ്മ പദ്ധതിയാണ് തയ്യാറാക്കിയതെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി 250000 രൂപ പ്ലാൻ ഫണ്ടിനത്തിലും, ചലഞ്ച് ഫണ്ടിനത്തിൽ 50000 രൂപയും മാത്രമാണ് പദ്ധതി നടത്തിപ്പിന് ലഭിച്ചിട്ടുള്ളത്. ആശ്രയ അക്കൗണ്ടിൽ 966927രൂപ സാമ്പത്തിക വർഷാരംഭത്തിൽ അവശേഷിച്ചിരുന്നു. തൻവർഷം ലഭിച്ച 246209 രൂപ ഉൾപ്പെടെ ആകെ വരവ് 1213136 രൂപയിൽ നിന്നും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 419918 രൂപ ചെലവഴിച്ചു. കോടികൾ വകയിരുത്തി സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കിയതിലൂടെ അഗതി കുടുംബങ്ങൾക്ക് നൽകിയ വാഗ്ദാനം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലല്ല. ഈ വിഷയത്തിൽ സി.ഡി.എസ് ന്റെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു. ആശ്രയപദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(സി) <u>പദ്ധതി വിഹിതം തുക നിക്ഷേപമായി തുടരുന്നു.</u>

2016-17 സാമ്പത്തിക വർഷാന്ത്യം ആശ്രയ അക്കൗണ്ടിൽ 793218 രൂപ നീക്കിയിരിപ്പുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും തൻവർഷം പിൻവലിച്ച 200000/- രൂപയുൾപ്പെടെ 293500/- രൂപ നിലവിലും ആശ്രയ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. 12.4.2015-ലെ ജി.ഒ. (പി) 177/2000/ധനം/ നമ്പർ ധനവിനിയോഗ നിർദ്ദേശങ്ങൾ പ്രകാരം സഞ്ചിതനിധിയിൽ നിന്നും ആവശ്യത്തിലും അധികരിച്ച് പിൻവലിച്ച തുക സംസ്ഥാന സഞ്ചിതനിധിയിൽ തിരികെ ഒടുക്കേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് | 2016-17 | 100000 | സാന്ത്വനപരിചരണ പരിപാടി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയത് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | കൃഷിഭവൻ വൈദ്യുതീകരണം | 21600844/ 09.03.2017 | 840000 | 0 | 84000 |
| വൈദ്യുതി ബോർഡ് | ഊന്നുകൽ- പൂതേത്ത് റോഡ് സ്ട്രീറ്റ് മെയിൻ&ലൈറ്റ് | 21600843/ 09.03.2017 | 11969 | 0 | 11969 |
| വൈദ്യുതി ബോർഡ് | 13-ാം വാർഡിലെ വിവിധ കോളനികളിൽ സ്ട്രീറ്റ് മെയിൻ&ലൈറ്റ് | 21600842/ 31.03.2017 | 100000 | 0 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുകയുടേയും വിശദ വിവരം താഴെചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരികച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തു |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രസീത് നം/തീയതി |
|---|---|---|---|---|
| 2002-03 | 2-5 | 907 | എ.കെ.ഗോപിനാഥൻ, സെക്രട്ടറി | 11601100777/03.06.2016 |
| 2014-15 | 2-3-എ | 750 | ഹെഡ് മാസ്റ്റർ, എസ്.എൻ.ഡി.പി.എച്ച്.എസ്, ചെന്നീർക്കര | 116011001005/20.06.2016 |
| 2014-15 | 2-3-ബി | 250 | മെഡിക്കൽ ആഫീസർ, പി.എച്ച്.സി, ചെന്നീർക്കര | 116011001042/23.06.2016 |

| | | | | |
|---|---|---|---|---|
| 2014-15 | 2-3-ബി | 1050 | പോസ്റ്റ് മാസ്റ്റർ, മുട്ടത്ത്കോണം പോസ്റ്റ് ഓഫീസ് | 11601101113/29.06.2016 |
| 2014-15 | 2-3-എ | 150 | സീനിയർ മാനേജർ, ഐ.ഒ.ബി, പത്തനംതിട്ട | 11601400007/29.06.2016 |
| 2014-15 | 2-3-എ | 250 | തഹസീൽദാർ, താലൂക്ക് ഓഫീസ്, കോഴഞ്ചേരി | 11601101260/13.07.2016 |
| 2014-15 | 2-3-എ | 250 | പ്രിൻസിപ്പൽ, ഗവ.ഐ.റ്റി.എ, ചെന്നീർക്കര | 11601101292/15.07.2016 |
| 2014-15 | 2-3-എ | 150 | പോസ്റ്റ് മാസ്റ്റർ, ചെന്നീൽക്കര പോസ്റ്റ് ഓഫീസ് | 11601102472/03.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ടതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 2013-14 | 3 | 2013-14 | 5.2.4(3) | പ്രക്കാനം ഗവ.എൽ.പി.എസ്സിൽ പ്രീപ്രൈമറി വിഭാഗത്തിന് നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നു | അപാകത പരിഹരിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41564919 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36630920 |
| വരവിനങ്ങളിലുള്ള നഷ്ടം | നിജപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | ചാർജ് ചെയ്യാവുന്ന തുക | *സർചാർജ്ജ് ചെയ്യാവുന്ന തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം* | *സ്ഥിരം മേൽവിലാസം* |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/227/04 തീയതി 05.08.2004 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/385/05 തീയതി 27.08.2005 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1147/07 തീയതി 30.06.2008/31.10.2008 | 6 |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1148/07 തീയതി 30.06.2008/31.10.2008 | 3 |
| 2002-03 (ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി.3/144/07 തീയതി 23.08.2007/09.08.2007 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/17/07 തീയതി 10.07.2007/12.11.2007 | 12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/212/09 തീയതി 19.09.2009 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.11/213/09 തീയതി 19.09.2009 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 10 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 11 |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.12..../13 തീയതി 30.11.2013 | 12 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി 30.11.2013/07.06.2014 | 6 |
| 2012-13&2013-14 | എൽ.എഫ്.പി.റ്റി.എ.പി.5/972/14 തീയതി 20.01.2015 | 14 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609 /2016തീയതി 03.06.2016 | 19 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209 /2016തീയതി 05.11.2016 | 29 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്,

ജില്ലാകാര്യാലയം, പത്തനംതിട്ട.

# Annexure

# AUDIT CERTIFICATE

No.K.S.A.PTA. P5-820/17 Dated : 22.07.2017

Certified that I have examined the Annual Financial Statement of Chenneerkkara Gramma Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chenneerkkara Gramma Panchayat for the year 2016-17, except the obeservations in my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director,

Kerala State Audit Department,

District Office, Pathanamthitta.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി5/820/17 തീയതി : 22.07.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, പത്തനംതിട്ട.